ഉത്തരം

(എ) 1,44,24,458.64 രൂപ നഷ്ടപരിഹാരമായി കൊടുത്തിട്ടുണ്ട്. 4,36,73,288 രൂപ കോടതിയിൽ കെട്ടിവച്ചിട്ടുണ്ട്.

(ബി) 5-3-1991-ലെ വിധിപ്രകാരം എൽ.എ.ആർ 44/86, 45/86 എന്നീ കേസുകൾക്ക് തൃശ്ശൂർ സബ്കോടതി വർദ്ധിപ്പിച്ച കോമ്പൻസേഷൻ അനുവദിച്ചിരുന്നു.

(സി) തൃശ്ശൂർ സബ്കോടതിയിലെ എൽ.എ.ആർ. 44/86, 45/86 എന്നീ കേസുകൾക്കെതിരായി അപ്പീൽ 595/92, 605/92 ഹൈക്കോടതിയിൽ നിലവിലുണ്ട്.

(ഡി) ബോർഡിന്റെ സ്റ്റാൻഡിംഗ് കൗൺസിൽ തൃശ്ശൂർ സബ്കോടതിയിലെ എക്സിക്യൂഷന് എതിരെ സ്റ്റേ കിട്ടുവാൻ നടപടി ആരംഭിച്ചിട്ടുണ്ട്.

173 (1717) പത്തിരിപ്പാല കെ.എസ്.ഇ.ബി. ഓഫീസ്

ശ്രീ. വി.സി. കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ കെ.എസ്.ഇ.ബി. യുടെ പത്തിരിപ്പാല സബ്എഞ്ചിനീയർ ഓഫീസിന്റെ കീഴിൽ എത്ര കൺസ്യൂമർമാരാണ് നിലവിലുള്ളത്;

(ബി) ഈ ഓഫീസ് ഒരു സെക്ഷൻ ഓഫീസോ ഒരു സാറ്റലൈറ്റ് സെക്ഷൻ ഓഫീസോ ആയി ഉയർത്തുന്നതിന് എന്തെങ്കിലും നിർദ്ദേശം നിലവിലുണ്ടോ;

(സി) ഒരു സാറ്റലൈറ്റ് സെക്ഷൻ ഓഫീസായി ഉയർത്തുന്നതിന് പരമാവധി എത്ര കൺസ്യൂമർമാർ ഉണ്ടാവണം എന്ന് നിശ്ചയിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ആവശ്യമായത്ര കൺസ്യൂമർമാരുള്ള പത്തിരിപ്പാലയിലെ കെ.എസ്.ഇ.ബി. സബ്എഞ്ചിനീയർ ഓഫീസ് ഒരു സെക്ഷൻ/സാറ്റലൈറ്റ് സെക്ഷൻ ഓഫീസ് ആയി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 7089 ഉപഭോക്താക്കൾ നിലവിലുണ്ട്.

(ബി) തൽക്കാലം പരിഗണനയിലില്ല.

(സി) പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന് പരമാവധി എത്ര ഉപഭോക്താക്കൾ ഉണ്ടായിരിക്കണമെന്ന് ഇപ്പോൾ നിജപ്പെടുത്തിയിട്ടില്ല. സർക്കാർ പ്രഖ്യാപിച്ച പവർ പോളിസി നടപ്പാക്കുന്നതിന്റെ ഭാഗമായുള്ള പഠന വിഷയങ്ങളിൽ ഇക്കാര്യവും ഉൾപ്പെട്ടിട്ടുണ്ട്.

(ഡി) പവർ പോളിസി നടപ്പിലാക്കിക്കഴിഞ്ഞുമാത്രമേ ബോർഡ് ഇനി പുതിയ ഓഫീസുകളുടെ രൂപീകരണം സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുകയുള്ളൂ.

174 (1718) തിരൂർ-എടപ്പാൾ 110 കെ.വി.ഡി.സി. ലൈൻ.

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly